# ഗവ : ടി. ടി. ഐ. മണക്കാട്
# അക്കാദമിക മാസ്റ്റർപ്ലാൻ 2025 -26

**ആമുഖം:**

കേരളത്തിൽ ലോവർ പ്രൈമറി വിഭാഗത്തിൽ ഏറ്റവും അധികം കുട്ടികൾ പഠിക്കുന്ന സ്കൂളുകളിലൊന്നാണ് തിരുവനന്തപുരം ജില്ലയിലെ ഗവ: ടി. ടി. ഐ. മണക്കാട്. പ്രീ പ്രൈമറി, ലോവർ പ്രൈമറി, ഡി എൽ എഡ് വിഭാഗങ്ങളിലായി ഏകദേശം 1000 കുട്ടികൾ ഇവിടെ പഠനം നടത്തുന്നു. സ്കൂളിന്റെ വികസന പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തം ഉറപ്പു വരുത്തുവാനും മികച്ച പഠനാനുഭവങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കുന്നതിനും സ്കൂൾ മാനേജ്മെന്റും അധ്യാപക രക്ഷകർത്തൃ സംഘടനയും ഒത്തു ചേർന്നു നടത്തുന്ന പ്രവർത്തനങ്ങൾ മറ്റു പൊതു വിദ്യാലയങ്ങൾക്കും അനുകരണീയമാണ്. ഓരോ അധ്യയന വർഷത്തിന്റെ ആരംഭത്തിലും വിഭാവന ചെയ്യുന്ന ഹ്രസ്വ-ദീർഘ പദ്ധതികളുടെ ചിട്ടയായ നടത്തിപ്പിലൂടെയാണ് സ്കൂൾ ഈ നേട്ടങ്ങൾ കൈവരിച്ചിട്ടുള്ളത്.

2025 – 26 അധ്യയന വർഷത്തെ അക്കാദമിക പ്രവർത്തനങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽ ഏപ്രിൽ മാസം തന്നെ ആരംഭിച്ചിരുന്നു. ഇതിനായി വിവധ മേഖലകളിൽ വിദഗ്ധരായ ആൾക്കാരെയും അധ്യാപകരെയും രക്ഷകർത്താക്കളെയും ഉൾപ്പെടുത്തി ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത ശില്പശാലയിൽ ഉരുത്തിരിഞ്ഞ ആശയങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രൈമറി, ലോവർ പ്രൈമറി, ഡി എൽ എഡ് വിഭാഗങ്ങളുടെ ലക്ഷ്യങ്ങൾ നിർണയിച്ചുകൊണ്ടാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## <u>പ്രീ–പ്രൈമറി വിഭാഗം</u>

**ലക്ഷ്യങ്ങൾ:**

കുട്ടികളുടെ എല്ലാ മേഖലവലകളിലേയും വികാസം ഉറപ്പ വരുത്തുക.

### പ്രവർത്തന പദ്ധതി

കുട്ടികളുടെ ശാരീരികചാലക വികാസം, സർഗാത്മകത, സാമൂഹിക വികാസം, വൈജ്ഞാനിക വികാസം, ഭാഷാപരമായ വികാസം എന്നിവ ഉറപ്പവരുത്താനായി ഐ സി ടി യുടെ സഹായത്തോടെ പ്രവർത്തനങ്ങൾ തീം അടിസ്ഥാനത്തിൽ തയ്യാറാക്കുക. എല്ലാ ശേഷികളും എല്ലാ കുട്ടികളും ആർജ്ജിച്ചുവെന്ന് ഉറപ്പുവരുത്തുക.ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി പരിഗണിച്ച് അവരുടെ കഴിവുകൾ കണ്ടെത്തി അവ പരിപോഷിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുക.എന്നിവയാണ് പ്രധാനമായും ലക്ഷ്യമിടുന്നത്.

**1. ശാരീരിക ചാലകവികാസം**

പ്രീ പ്രൈമറിയിലെ മുഴുവൻ കുഞ്ഞുങ്ങൾക്കും അകം പുറം കളിയിടങ്ങൾ ഒരുക്കുക. ഇതിനായി കിഫ്ബിയുടെ പുതിയ കെട്ടിടത്തിലും ചുറ്റുമായി ഇടങ്ങൾ കണ്ടെത്തുക. വിവിധ കായിക പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ ശാരീരിക ചാലക വികാസം ഉറപ്പു വരുത്തുക.

**2. മക്കളോടൊപ്പം**

കുഞ്ഞുങ്ങളുടെ വികാസത്തിൽ രക്ഷകർത്താക്കളുടെ പങ്കാളിത്തവും പിന്തുണയും ഉറപ്പു വരുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

**3. മണൽത്തടം**

3+ കുട്ടികളുടെ കര-നയന ഏകോപനം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ മണൽത്തടത്തിൽ നൽകിക്കൊണ്ട് ഭാഷാവികാസം,സർഗാത്മകത എന്നിവ വികസിപ്പിക്കുക. വിവിധ രൂപങ്ങൾ ഉപയോഗിച്ച് കഥ പറയാനും വരക്കാനും സാധിക്കുന്ന തരത്തിൽ കുട്ടികളെ പ്രാപ്തരാക്കുക.

4. WE ARE MASTERS

ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ദൈനംദിന പ്രവർത്തനങ്ങൾ നൽകി കുഞ്ഞുങ്ങളുടെ അടിസ്ഥാന ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം ഉറപ്പു വരുത്തുക. വിവിധ ആഡിയോ, വീഡിയോ വിഭവങ്ങളിലൂടെ ഇത് സാധ്യമാക്കുക.

**5. ഹോളിസ്റ്റിക് പ്രോഗ്രസ് കാർഡ്**

കുഞ്ഞുങ്ങളുടെ സമഗ്രവികാസം ഉറപ്പുവരുത്തുന്നതിനായി നിരന്തരം വിലയിരുത്തലുകൾ നടത്തി രേഖപ്പെടുത്തലുകൾ നടത്തുന്നതിനായി ഹോളിസ്റ്റിക്പ്രോഗ്രസ് കാർഡ് തയ്യാറാക്കുക.രേഖപ്പെടുത്തലുകൾ രക്ഷകർത്താക്കളുമായി പങ്കിടുന്നതിനുള്ള സൗകര്യം ഉണ്ടാകണം.

## <u>ലോവർ പ്രൈമറി വിഭാഗം</u>

### ലക്ഷ്യങ്ങൾ:

- ശാസ്ത്രപഠനം ലളിതവും രസകരവുമാക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക
- സബ്ജില്ലാ മേളകളിൽ മികച്ച വിജയം കരസ്ഥമാക്കുക.

- സ്കൂൾ റേഡിയോ പദ്ധതിയിലൂടെ കുട്ടികളുടെ ആശയവിനിമയശേഷി, സർ ഗാത്മകത, അറിവിന്റെ പ്രയോഗവല്ക്കരണം, സഹകരണം, സഹവർത്തിത്വം എന്നിവ വർധിപ്പിക്കുക.

- പാട്ടരങ്ങിലൂടെ കുട്ടികളുടെ ഈണവും  താളബോധവും വർധിപ്പിക്കുക.

- രചനോത്സവത്തിലൂടെ കുട്ടികളുടെ എഴുത്തിന്റെ സർഗാത്മകത വർധിപ്പിക്കുക.

- നാട്ടുവിശേഷം കൂട്ടെഴുത്തിലൂടെ ഭാഷാപഠനത്തെ പരിസരപഠനവുമായി ബന്ധിപ്പിക്കുക.

- ഭാഷോത്സവത്തിലൂടെ രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളെയും വായനക്കാരും എഴുത്തുകാരുമാക്കുക.

- കുട്ടികളുടെ ഭാവാത്മക വായനക്കും ശ്രവ്യ വായനക്കും പ്രോത്സാഹനം നൽകുന്ന റീഡേഴ്സ് തിയേറ്റർ ഒരുക്കുക.

- ഒന്നാം ക്ലാസിലെ എല്ലാ കുഞ്ഞുങ്ങളെയും വായനയുടെ ലോകത്തേക്ക് എത്തിക്കുക.

- സ്മാർട്ട് അറബിക് ലാംഗ്വേജ് ലാബ്

- കുട്ടികളുടെ കായിക ക്ഷമത വർധിപ്പിക്കുക

- അത്‌ലറ്റിക് മീറ്റിൽ സ്കൂളിനെ ചാമ്പ്യൻമാരാക്കുക.

- സ്കൂളിന് നല്ലൊരു കളിക്കളം സജ്ജമാക്കുക.

- കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുക.

- കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാ പ്രവണ്യം വർധിപ്പിക്കുക

- വിദ്യാരംഗം കലാസാഹിത്യവേദിയിലൂടെ കുട്ടികളുടെ സർഗശേഷികൾ പരിപോഷിപ്പിക്കുക.

## പ്രവർത്തന പദ്ധതി

സ്കൂളിന്റെ കഴിഞ്ഞകാല മികവുകൾ നിലനിർത്തുന്നതിനൊപ്പം പുതിയ നേട്ടങ്ങൾ കൈവരിക്കുന്നതിനുള്ള ദീർഘവീക്ഷണത്തോടുകൂടിയാണ് ഇക്കൊല്ലത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. കുട്ടികളുടെ എല്ലാ തരത്തിലുള്ള വികാസവും ഉറപ്പ

വരുത്തുന്നതിനോടൊപ്പം സ്കൂളിന്റെ ഭൗതിക വികാസത്തിനു വേണ്ട പദ്ധതികളും മാസ്റ്റർ പ്ലാനിൽ വിഭാവന ചെയ്യുന്നുണ്ട്.

## 1. ശാസ്ത്രപഠനം ലളിതവും രസകരവുമാക്കുക

- സയൻസിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി ഇക്കൊല്ലം ആദ്യമാസം തന്നെ സയൻസ് ക്ലബ്ബ് രൂപീകരിക്കണം. ഈ കുട്ടികളും രക്ഷകർത്താക്കളും ഉൾപ്പെടുന്ന വാട്സാപ്പ് ഗ്രൂപ്പ് തയ്യാറാക്കണം.എല്ലാ വെള്ളിയാഴ്ചയും ഈ കുട്ടികൾ സയൻസ് ലാബിൽ ഒത്തുചേരുന്നതിനും വിവിധ പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും സൗകര്യമൊരുക്കണം.

- വിവിധ സയൻസ് ക്വിസ് മത്സരങ്ങൾക്കുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകണം

- ജൂലൈ 21 ചാന്ദ്രദിനത്തോട് അനുബന്ധിച്ച് കുട്ടികളിൽ ബഹിരാകാശത്തെക്കുറിച്ചും പ്രപഞ്ചത്തെക്കുറിച്ചും കൗതുകം വളർത്തുന്ന വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.ചന്ദ്രന്റെ പരിക്രമണം, വിവിധ ചാന്ദ്രദൗത്യങ്ങളെക്കുറിച്ചുള്ള വീഡിയോ പ്രദർശനം, റോക്കറ്റ് നിർമാണം, ചാന്ദ്രദിന ക്വിസ് എന്നിവ സംഘടിപ്പിക്കണം.

- പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കണം.

- ഓരോ ക്ലാസിലും ശാസ്ത്രമൂല ഒരുക്കണം. ലഘുപരീക്ഷണങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ, ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ ഈ മൂലയിൽ സജ്ജീകരിക്കണം.

- ഇന്ത്യ, കേരളം എന്നിവയുടെ ഭൂപടവായന പരിശീലനം നൽകണം. ഭൂപടത്തിൽ സൂചികകൾ നിർമ്മിക്കാനുള്ള പരിശീലനങ്ങൾ നൽകണം

- ശാസ്ത്രജ്ഞാനത്തിന്റെ പ്രയോഗത്തിനാവശ്യമായ അവസരങ്ങൾ ഒരുക്കണം. ശാസ്ത്രോത്സവം സംഘടിപ്പിക്കൽ, പഠന ഉല്പന്നങ്ങളുടെ പ്രദർശനം, ശാസ്ത്ര പതിപ്പ്, ആൽബം , മാസിക എന്നിവയുടെ നിർമാണം തുടങ്ങിയ പ്രവർത്തനങ്ങൾ ഒരുക്കണം.

## 2. സബ്ജില്ലാ മേളകളിൽ മികച്ച വിജയം കരസ്ഥമാക്കുക.

ഈ അധ്യയനവർഷത്തെ സബ്ജില്ലാ മേളകളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

- സ്കൂൾ തലത്തിൽ ജൂലൈ മാസം തന്നെ ശാസ്ത്ര, സാമൂഹ്യശാസ്ത്ര, കായിക, കലാ,അറബിക്, പ്രവർത്തി പരിചയ മേളകൾ സംഘടിപ്പിച്ച് വിജയികളെ കണ്ടെത്തി സബ്ജില്ലാ മത്സരങ്ങൾക്കുള്ള പരിശീലനങ്ങൾ ആരംഭിക്കണം.

- സ്കൂൾ അധ്യയനം കുട്ടികൾക്ക് നഷ്ടമാകാത്ത വിധം പരിശീലനങ്ങൾ ആസൂത്രണം ചെയ്യണം

- രക്ഷകർത്താക്കളുടെ കൂടെ സഹകരണം ഉറപ്പാക്കി നിരന്തര പരിശീനം നൽകണം

- ആവശ്യമെങ്കിൽ വിദഗ്ധരുടെ സഹായം തേടണം.

- മേളകളുടെ ചെലവിനാവശ്യമായ ധനസമാഹരണത്തിനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യണം.

### 3. സ്കൂൾ റേഡിയോ ക്ലബ്ബ്

സ്കൂളിലെ നിലവിലുള്ള ശബ്ദ സംവിധാനങ്ങളെ പ്രയോജനപ്പെടുത്തി സ്കൂൾ റേഡിയോ ക്ലബ്ബ് പ്രവർത്തനങ്ങൾ ജൂൺ മാസത്തിൽ തന്നെ ആരംഭിക്കണം. റേഡിയോ ക്ലബ്ബിലൂടെ കുട്ടികളുടെ താഴെ പറയുന്ന ശേഷികൾ വികസിപ്പിക്കുകയാണ് ലക്ഷ്യമിടുന്നത്. സ്കൂൾ സമയങ്ങളിലെ അധ്യയനം ഇല്ലാത്ത ഇടവേളകളിൽ സ്കൂൾ റേഡിയോ പ്രവർത്തനം ആസൂത്രണം ചെയ്യണം.

- കുട്ടികളുടെ ആശയവിനിമയ ശേഷി വികസിപ്പിക്കുന്നതിനായി അവർ തയ്യാറാക്കിയ വിവിധ വിഷയങ്ങളിലെ പ്രഭാഷണങ്ങൾ പ്രക്ഷേപണം ചെയ്യുക.

- കുട്ടികളുടെ വിവിധ സർഗശേഷികൾ പ്രകടിപ്പിക്കാനുള്ള ഒരിടമായി സ്കൂൾ റേഡിയോ മാറണം.

- പാഠപുസ്തകത്തിനു പുറത്തെ അറിവിലേക്ക് കുട്ടികളെ കൂട്ടിക്കൊണ്ടു പോകുന്ന തരത്തിലുള്ള പരിപാടികൾ പ്രക്ഷേപണം ചെയ്യുക.

- കുട്ടികളിൽ സാമൂഹിക അവബോധം, ജീവിത മൂല്യങ്ങൾ എന്നിവ വളർത്തുന്ന പരിപാടികളും ആസൂത്രണം ചെയ്ത് അവതരിപ്പിക്കണം.

- രക്ഷകർത്താക്കളുടെ പിന്തുണയോടെ റേഡിയോക്കാവശ്യമായ മൈക്ക്, റെക്കോർഡർ, എഡിറ്റിങ് സോഫ്റ്റ്‌വെയർ എന്നിവ ഉൾപ്പെട്ട ഒരു സ്ഥിരം സംവിധാനം ഒരുക്കുക.

## 4. മലയാള ഭാഷാ വികാസ പദ്ധതികൾ

മലയാളത്തിൽ കുട്ടികളെ ആത്മവിശ്വസത്തോടെ സ്വതന്ത്ര വായനയിലേക്കും ആശയഗ്രഹണ വായനയിലേക്കും ഭാവാത്മക വായനയിലേക്കും നയിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങളാണ് ഭാഷാക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ സ്കൂൾ ലക്ഷ്യമിടുന്നത്.

- **പാട്ടരങ്ങ്;**

  കുട്ടികളിൽ താളബോധം രൂപപ്പെടുന്നതിലൂടെ കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കുവാനും സമാന ഈണമുള്ള കവിതകൾ കണ്ടെത്തുന്നതിനും സാധിക്കുന്നു. ഉൾച്ചേർക്കൽ വിദ്യാഭ്യാസ സാധ്യതകളും പാട്ടരങ്ങിൽ രൂപപ്പെടുന്നു. പാട്ടരങ്ങിന്റെ ഭാഗമായി വിവിധ പ്രാദേശിക സംഗീത ഉപകരണങ്ങളുടെ നിർമ്മാണം, ശില്പശാലകൾ, പാട്ടവതരണം, ആവിഷ്കാരം, വീഡിയോ ഡോക്യുമെന്റേഷൻ എന്നിവ സംഘടിപ്പിക്കണം.

- **നാട്ടു വിശേഷം കൂട്ടെഴുത്ത്**

  ഭാഷാപഠനം പരിസര പഠനവുമായി ബന്ധപ്പെടുത്തുന്നതിനുള്ള പ്രവർത്തന പദ്ധതിയാണ് നാട്ടുവിശേഷം കൂട്ടെഴുത്ത്. പ്രകൃതി നിരീക്ഷണത്തിലൂടെ സ്വയത്തമാക്കുന്ന ആശയങ്ങളെ തെറ്റില്ലാതെ സ്വന്തം ഭാഷയിൽ എഴുതുവാൻ കുട്ടികൾക്ക് അവസരം ഒരുക്കുന്നു. സഹവർത്തിത പഠനത്തിലൂടെയുള്ള അറിവുനിർമാണമാണ് ലക്ഷ്യം.

- **റീഡേഴ്സ് തിയേറ്റർ**

  ലഘുവിവരങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം എന്നിവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് അവതരിപ്പിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക എന്നതാണ് റീഡേഴ്സ് തിയേറ്ററിന്റെ ലക്ഷ്യം. തുടക്ക വായനക്കാരായ കുട്ടികളുടെ ഭാവാത്മക വായനയും ശ്രവ്യവായനയും പരിപോഷിപ്പിക്കാനുതകുന്നതാകണം തിയേറ്ററിലെ പ്രവർത്തനങ്ങൾ.

- **ഭാഷോത്സവം**

  കുട്ടികളുടെ മികവുകൾ ആത്മവിശ്വാസത്തോടെ സമൂഹത്തിനു മുമ്പിൽ പ്രദർശിപ്പിക്കുന്നതിനുള്ള വേദി ഒരുക്കുക എന്നതാണ് ഭാഷോത്സവത്തിന്റെ പ്രധാന ലക്ഷ്യം. അധ്യയനവർഷത്തിലുടനീളമുള്ള സ്കൂളിന്റെ ഭാഷാമികവ് ജനുവരിയിൽ സംഘടിപ്പിക്കുന്ന ഭാഷോത്സവത്തിൽ വെളിവാകണം.

- **രചനോത്സവം**

  ഭാഷാവ്യവഹാരരൂപങ്ങളായ കഥ, കവിത, ഡയറി എഴുത്ത്, ക്ഷണക്കത്ത്,സംഭാഷണം, വിവരണം തുടങ്ങിയ വ്യവഹാരരൂപങ്ങളിൽ കുട്ടികളുടെ സർഗാത്മകത വർധിപ്പിക്കുന്നതിനായി പ്രതിമാസ രചനോത്സവം സംഘടിപ്പിക്കണം. രചനോത്സവത്തിന്റെ ഭാഗമായുണ്ടാകുന്ന രചനകൾ സ്കൂൾ മാഗസിനിലെ സൃഷ്ടികളായി തെരഞ്ഞെടുക്കണം.

**5. ഇംഗ്ലീഷ് ഭാഷാ വികാസ പദ്ധതികൾ**

കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാ നൈപുണികൾ വികസിപ്പിക്കുന്ന തരത്തിലുള്ള താഴെ പറയുന്ന പ്രവർത്തനങ്ങളാണ് ഈ അധ്യന വർഷത്തിൽ സ്കൂൾ വിഭാവന ചെയ്യുന്നത്.

- രക്ഷകർത്താക്കളുടെകൂടി സഹകരണത്തോടെ കുട്ടികളുടെ പുസ്തക വായന പ്രോത്സാഹിപ്പിക്കുക

- ഇ ക്യൂബ് ഇംഗ്ലീഷ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കി കുട്ടികളുടെ കഥ പറച്ചിൽ, കഥാസ്വാദനം, ഇംഗ്ലീഷ് ഭാഷയിലൂടെയുള്ള ആശയവിനിമയം എന്നിവ വികസിപ്പിക്കുക. ആയതിലേക്കായി ആഴ്ചയിൽ ഒരു ദിവസത്തെ ഇംഗ്ലീഷ് പിരീഡ് ഇതിനായി മാറ്റി വയ്ക്കുക. എല്ലാ ടീച്ചേഴ്സിനും ഇ ക്യൂബ് ഇംഗ്ലീഷിൽ പരിശീലനം ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.

- സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ എല്ലാ ക്ലാസിലും ഇംഗ്ലീഷ് ന്യൂസ് പേപ്പർ ലഭ്യമാക്കുക.

- രക്ഷകർത്താക്കളുടെയും ഡി എൽ എഡ് കുട്ടികളുടെയും സഹകരണത്തോടെ റീഡിങ് കാർഡ് ശില്പശാലകൾ സംഘടിപ്പിക്കുക.

- ഡിസംബർ മുതൽ മാർച്ച് മാസം വരെ കുട്ടികളുടെ വായന പ്രത്സാഹിപ്പിക്കുന്നതിനായി റീഡിങ് ഫെസ്റ്റ് സംഘടിപ്പിക്കുക. വായനാ മത്സരങ്ങൾ സംഘടിപ്പിച്ച് വിജയികളെ സമ്മാനം നൽകി പ്രോത്സാഹിപ്പിക്കുക.

- രക്ഷകർത്താക്കളുടെയും അഭ്യുദയകാംക്ഷികളുടെയും സഹകരണത്തോടെ സ്കൂൾ ലൈബ്രറിയിലേക്ക് പരമാവധി ഇംഗ്ലീഷ് പുസ്തകങ്ങൾ ശേഖരിക്കുക.

- A Word A Day എന്ന പ്രോഗ്രാമിലൂടെ കുട്ടികളെ ഓരോ ദിവസവും പുതിയ ഒരു ഇംഗ്ലീഷ് പദവും അതിന്റെ അർത്ഥവും ആ പദം ഉൾപ്പെടുന്ന ഒരു വാചകവും അതാത് ക്ലാസ് ടീച്ചേഴ്സ് പരിചയപ്പെടുത്തണം. ഇത്തരത്തിൽ പരിചയപ്പെടുന്ന

വാക്കുകൾ ഉൾപ്പെടുത്തി Spelling Bee Contest സംഘടിപ്പിക്കണം. വിജയികൾക്ക് സമ്മാനം നൽകണം.

- മാസത്തിൽ ഒരു ദിവസത്തെ അസംബ്ലി പൂർണമായും ഇംഗ്ലീഷിലാക്കണം.
- കുട്ടികളുടെ പഠന ഇടവേളകളിൽ ഡി എൽ എഡ് വിദ്യാർത്ഥിനികളുടെ സഹകരണത്തോടെ Spoken English ക്ലാസുകൾ നടത്തണം.

**6. അറബിക് ഭാഷാ വികാസ പദ്ധതികൾ**

കുട്ടികളുടെ അറബിക് ഭാഷാ വൈദഗ്ധ്യം വികസിപ്പിക്കുന്ന തരത്തിലുള്ള താഴെ പറയുന്ന പ്രവർത്തനങ്ങളാണ് ഈ അധ്യയന വർഷം സ്കൂൾ ലക്ഷ്യമാക്കുന്നത്.

- **സ്മാർട്ട് അറബിക് ലാംഗ്വേജ് ലാബ്**

സ്കൂളിൽ ഈ അധ്യയന വർഷം തന്നെ ഒരു ലാംഗ്വേജ് ലാബ് ആരംഭിക്കുക. ഈ ലാംഗ്വേജ് ലാബിനെ അറബിക് ഭാഷാപഠനത്തിനായി ഫലപ്രദമായി ഉപയോഗിക്കുക. ലാംഗ്വേജ് ലാബിനാവശ്യമായ സാങ്കേതിക സൗകര്യങ്ങൾ രക്ഷകർത്താക്കളുടെയും അഭ്യുദയകാംക്ഷികളുടെയും സഹകരണത്തോടെ കണ്ടെത്തണം. കേരളത്തിലെ ഏറ്റവും മികച്ച അറബിക് ലാബായി നമ്മുടെ സ്കൂളിന്റെ ലാബിനെ മാറ്റുക എന്നതാണ് ലക്ഷ്യം.

- **അറബിക് ക്ലബ്ബ്**

ജൂൺ മുതൽ തന്നെ ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കണം. മറ്റു സ്കൂളുകൾക്ക് മാതൃകയാകുന്ന പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കണം. അറബിക് ദിനാചരണങ്ങൾ സമുന്നതമായി ആഘോഷിക്കണം.

- **വിദഗ്ധ ക്ലാസുകൾ**

കുട്ടികളുടെ അറബി ഭാഷയോടുള്ള താല്പര്യം വർധിപ്പിക്കുന്നതിനും അറബി ഭാഷാ പ്രചരണത്തിനുമായി സാഹിത്യ അധ്യാപന മേഖലയിൽ വിദഗ്ധരായ ആൾക്കാരുടെ പ്രഭാഷണങ്ങൾ സംഘടിപ്പിക്കണം. എല്ലാ മാസവും ഒരു ക്ലാസെങ്കിലും ഇത്തരത്തിൽ നടത്തുവാൻ സാധിക്കണം.

- **കാലിഗ്രാഫി പരിശീലനം**

ഒക്ടോബർ മാസത്തിൽ അറബിക് ക്ലബ്ബിന്റെ പ്രവർത്തനമായി 3, 4 ക്ലാസിലെ കുട്ടികളെ കാലിഗ്രാഫി പരിശീലിപ്പിക്കണം. പരിശീലനത്തിന്റെ ഭാഗമായി കുട്ടികൾ തയ്യാറാക്കുന്ന ഉല്പന്നങ്ങൾ ശേഖരിച്ച് പ്രദർശിപ്പിക്കണം.

- **അറബിക് എക്സിബിഷൻ**

ഡിസംബർ ആദ്യവാരം സംഘടിപ്പിക്കുന്ന അറബിക് എക്സിബിഷനിൽ കുട്ടികളുടെ പഠനപ്രവർത്തനങ്ങളുടെയും ക്ലബ്ബ് പ്രവർത്തനങ്ങളുടെയും ഭാഗമായി തയ്യാറാക്കിയ മാഗസിൻ, കാലിഗ്രാഫി ഉല്പന്നങ്ങളുടെ പ്രദർശനം സംഘടിപ്പിക്കാവുന്നതാണ്. ഇവ കൂടാതെ അറബിക് പുസ്തകങ്ങളുടെ പ്രദർശനവും, ചിത്ര പ്രദർശനവും എക്സിബിഷന്റെ ഭാഗമായി സംഘടിപ്പിക്കാവുന്നതാണ്.

**7. കായിക വിദ്യാഭ്യാസം**

കുട്ടികളുടെ ശാരീരിക മാനസിക വളർച്ച ഉറപ്പുവരുത്തുന്ന യഥാർത്ഥവും ആസ്വാദ്യകരവുമായ കായിക അനുഭവം നൽകുക എന്നതാണ് കായിക വിദ്യാഭ്യാസത്തിലൂടെ സ്കൂൾ ലക്ഷ്യമിടുന്നത്.

- കുട്ടികളുടെ കായികക്ഷമത വർധിപ്പിക്കുന്നതിനായി ആഴ്ചയിൽ ഒരു പിരീഡ് കായിക വിദ്യാഭ്യാസത്തിനായി മാറ്റി വയ്ക്കണം.
- ജൂലൈ മാസം തന്നെ സ്പോഴ്സ് ഡേ സംഘടിപ്പിച്ച് മികച്ച കുട്ടികളെ കണ്ടെത്തി അവർക്ക് നിരന്തര പരിശീലനം നൽകണം
- ജില്ലാതല മത്സരങ്ങളിൽ ചാമ്പ്യൻഷിപ്പ് നേടണം.
- അത്‌ലറ്റിക് അസോസിയേഷൻ നടത്തുന്ന അത്‌ലറ്റിക് മീറ്റിൽ 140 കുട്ടികളെ പങ്കെടുപ്പിക്കുവാൻ സാധിക്കണം.
- കുട്ടികളെ മത്സരങ്ങൾക്കായി പരിശീലിപ്പിക്കുവാൻ ആവശ്യമായ കായിക ഉപകരണങ്ങൾ (Hurdles, Flying Disc, Medicine Ball, Kids Javelin, Hoops, Training Pole, Training Dome) എന്നിവ വാങ്ങണം.
- സ്കൂൾ ഇൻഡോർ ഗ്രൗണ്ടിൽ Floor mat ഇടണം.
- കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും Floor mat ഇടുന്നതിനും ആവശ്യമായ സാമ്പത്തികം കണ്ടെത്താൻ Film Show സംഘടിപ്പിക്കണം.

**8. എൽ .എസ് .എസ് പരീക്ഷാ പരിശീലനം**

കുറഞ്ഞത് 50 കുട്ടികളെയെങ്കിലും എൽ എസ് എസ് പരീക്ഷയിൽ വിജയികളാക്കുക എന്നതാണ് സ്കൂളിന്റെ ഇക്കൊല്ലത്തെ ലക്ഷ്യം.

- പരിശീലനത്തിനായി കുട്ടികളെ ജൂൺമാസം തന്നെ തെരഞ്ഞെടുക്കുകയും പരിശീലനം ആരംഭിക്കുകയും വേണം.

- ആഗസ്റ്റ് മാസമാകുമ്പോൾ സാധ്യതയുള്ള കുട്ടികളിലേക്ക് മാത്രമായി പരിശീലനം ചുരുക്കുകയും തീവ്ര പരിശീലനം ആരംഭിക്കുകയും ചെയ്യണം.
- റിവിഷനുകളിലൂടെയും മാതൃകാപരീക്ഷകളിലൂടെയും ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി കണ്ടു കൊണ്ടുള്ള പരിശീലനത്തിലൂടെയും ലക്ഷ്യം കൈവരിക്കണം.

**9. സോഷ്യൽ സയൻസ് ക്ലബ്ബ് പ്രവർത്തനങ്ങൾ**

- ജൂൺ മാസത്തിൽ തന്നെ സോഷ്യൽ സയൻസ് ക്ലബ്ബ് രൂപീകരിക്കണം.
- ദിനാചരണങ്ങൾ കൃത്യമായി സംഘടിപ്പിക്കുന്നതിന് നേതൃത്ത്വം നൽകണം
- തെരഞ്ഞെടുപ്പിന്റെ എല്ലാ ചിട്ടവട്ടങ്ങളോടും കൂടി സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് സംഘടിപ്പിക്കണം.

**10. വിദ്യാരംഗം കലാ സാഹിത്യവേദി**

കുട്ടികളുടെ കലാപരവും സാഹിത്യപരവുമായ കഴിവുകൾ വളർത്തുവാനും സർ ഗശേഷികൾ പരിപോഷിപ്പിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൽ സംഘടിപ്പിക്കുക എന്നതാണ് വിദ്യാരംഗം കലാ സാഹിത്യ വേദിയുടെ പ്രധാന ലക്ഷ്യം.

- ഓരോ ക്ലാസിൽ നിന്നും രണ്ടു പേരെ വീതം ക്ലബ്ബ് അംഗങ്ങളെ ജൂൺ മാസത്തിൽ തന്നെ കണ്ടെത്തുക.
- വിദ്യാരംഗം ക്ലബ്ബിന്റെ നേതൃത്ത്വത്തിൽ വിവിധ കലാ മത്സരങ്ങൾ സംഘടിപ്പിക്കണം
- ക്ലബ്ബ് അംഗങ്ങൾക്ക് കളാ രചന, കവിതാ രചന എന്നിവയിൽ പ്രോത്സാഹനം നൽകുന്നു.
- മികച്ച കയ്യക്ഷരമുള്ള കുട്ടികളുടെ സഹകരണത്തോടെ ബിഗ് ബുക്ക് തയ്യാറാക്കണം.
- സ്കൂളിലെ വാർത്തകളെ കോർത്തിണക്കി രണ്ടാഴ്ച കൂടുമ്പോൾ ഓരോ ഡിവിഷൻ വീതം ക്ലാസ് അധ്യാപകരുടെ സഹായത്തോടെ കുട്ടികൾ സ്കൂൾ പത്രം തയ്യാറാക്കുകയും അത് സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുകയും ചെയ്യണം.
- സംസ്ഥാന വിദ്യാരംഗം കലാസാഹിത്യ വേദി സംഘടിപ്പിക്കുന്ന വാങ്മയ പരീക്ഷ പോലുള്ള പ്രവർത്തനങ്ങൾ സ്കൂളിൽ കൃത്യമായി നടത്തണം.

## 11. സ്കൂൾ സുരക്ഷ

നഗര മധ്യത്തിൽ സ്ഥിതിചെയ്യുന്ന ഒരു വിദ്യാലയമെന്ന നിലയിൽ സ്കൂൾ നിരവധി സുരക്ഷാ പ്രശ്നങ്ങൽ നേരിടുന്നുണ്ട്. ഇവ പരിഹരിക്കുന്നതിനായി സ്കൂൽ തലത്തിൽ അധ്യാപകരും രക്ഷകർത്താക്കളും ഉൾപ്പെട്ട ഒരു സുരക്ഷാ സമിതി പ്രവർത്തിച്ചു വരുന്നു. ഡി എൽ എഡി വിദ്യാർത്ഥിനികളുടെ കൂടി സഹകരണത്തോടെ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുക എന്നതാണ് ലക്ഷ്യം.

- സ്കൂളിനു മുന്നിൽ ട്രാഫിക് പോലീസിന്റെ കൂടി സഹകരണത്തോടെ ഗതാഗതം നിയന്ത്രിക്കുക.
- സ്കൂൾ ബസിൽ നിന്നും കുട്ടികൾ ഇറങ്ങുന്ന സമയത്തും കയറുന്ന സമയത്തും അവരുടെ സുരക്ഷ ഉറപ്പാക്കുന്ന വിധം അധ്യാപകരുടെ സാന്നിധ്യം ഉണ്ടാകുക.
- അന്യരായ ആൾക്കാരും വാഹനങ്ങളും സ്കൂൾ പരിസരത്ത് പ്രവേശിക്കുമ്പോൾ പ്രത്യേകം നിരീക്ഷിക്കുക.
- സ്വകാര്യ വാഹനങ്ങളിൽ വരുന്ന കുട്ടികളുടെ വാഹനങ്ങളുടെ ഡ്രൈവർമാരുടെ ഫോൺ നമ്പരുകൾ അതത് ക്ലാസ് ടീച്ചർമാർ ശേഖരിക്കുക.
- സ്കൂൾ പരിസരം ക്ഷുദ്രജീവി മുക്തമെന്ന് ഉറപ്പുവരുത്തുക.
- സ്കൂളിലെ ഭക്ഷ്യമാലിന്യങ്ങൾ കൃത്യമായി നീക്കം ചെയ്യുക.
- Fire Extinguishing ഉപകരണങ്ങൾ സ്ഥാപിക്കണം.
- തങ്ങളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിന് കുട്ടികളെ ബോധവൽക്കരിക്കുക.

## ഡി എൽ എഡ് വിഭാഗം

തിരുവനന്തപുരം ജില്ലയിലെ ഏക സർക്കാർ വനിതാ അധ്യാപക വിദ്യാർത്ഥി പരിശീലന കേന്ദ്രമാണ് നമ്മുടെ സ്കൂൾ. രണ്ടു ബാച്ചുകളിലായി എകദേശം 80 ഓളം വിദ്യാർത്ഥിനികൾ ഇവിടെ പരിശീലനം നടത്തുന്നു. സ്കൂളിലെ ഡി എൽ എഡ് വിഭാഗത്തിന്റെ അക്കാദമികവും ഭൗതികവുമായ വികാസമാണ് ഇക്കൊല്ലം ലക്ഷ്യമിടുന്നത്. പ്രധാന ലക്ഷ്യങ്ങൾ ച്ചവടെ ചേർക്കുന്നു.

- ഡി എൽ എഡ് സെമസ്റ്റർ പരീക്ഷകളിൽ എല്ലാ കുട്ടികളുടെയും വിജയം ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികളും പരിശീലനം പൂർത്തിയാകുന്നതിനൊപ്പം കെ– ടെറ്റ് യോഗ്യതാ പരീക്ഷയും വിജയിക്കുന്നു എന്ന് ഉറപ്പു വരുത്തുക. ആയതിലേക്കായി രണ്ടാം ശനിയാഴ്ചകളൊഴിച്ച് എല്ലാ ശനിയാഴ്ചകളിലും പ്രത്യേകം ക്ലാസുകൾ നൽകണം.

- അധ്യാപക ദിനത്തോടനുബന്ധിച്ച് നടക്കുന്ന ജില്ലാ കലോത്സവത്തിൽ ചാമ്പ്യൻ മാരാകുക.
- ദിനാചരണങ്ങൾ നല്ല രീതിയിൽ സംഘടിപ്പിക്കുക.
- എല്ലാ മാസവും ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക.
- ഇംഗ്ലീഷിലുള്ള ആശയവിനിമയ നൈപുണി വികസിപ്പിക്കുന്നതിനു വേണ്ട പരിശീലനങ്ങൾ നൽകുക.
- സ്കൂൾ കുട്ടികളുടെ മാതൃഭാഷയിലെ അടിസ്ഥാന നൈപുണികൾ വികസിപ്പിക്കുന്നതിനാവശ്യമായ ക്രിയാഗവേഷണങ്ങൾ നടത്തുക.
- പഠനയാത്ര വിപുലമായി സംഘടിപ്പിക്കുക.
- സഹവാസക്യാമ്പ് വിജയകരമായി സംഘടിപ്പിക്കുക.
- മികച്ചൊരു ഐ ടി ലാബിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുക.
- 5 സ്ത്രീ സൗഹൃദ ടോയ്ലറ്റുകൾ നിർമ്മിക്കുക

ഇത്തരത്തിൽ കാര്യക്ഷമമായി സമയബന്ധിതമായി നടപ്പിലാക്കാനാകുന്ന ചില ലക്ഷ്യങ്ങളെ മുന്നിൽ കണ്ടുകൊണ്ടാണ് സ്കൂളിന്റെ ഈ അധ്യയന വർഷം ആരംഭിച്ചിരിക്കുന്നത്. ഇവയിൽ ചിലത് ഹ്രസ്വ കാല ലക്ഷ്യങ്ങളും ചിലത് ദീർഘകാല ലക്ഷ്യങ്ങളുമാണ്. അവ ഓരോന്നും കൃത്യമായ മേൽനോട്ടത്തിൽ സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.